# മുഹർറം മാസത്തിൻെറ ശ്രേഷ്ഠതയും ആശൂറാഇൻെറ പ്രാധാന്യവും

[ Malayalam - മലയാളം - مليالم ]

﴿ فضل عاشـــوراء وشهـر الـله المحـــرم ﴾


അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി

عبد الطيف سلّمي


.


കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്
സുലൈ – റിയാദ് – സൗദി അറേബ്യ

اعداد : المكتب التعاوني للدعوة وتوعية الجاليات بسلي

بمدينة الرياض ، المملكة العربية السعودية

Web Edition by:

islamhouse.com

1431- 2010

بسم الله الرحمن الرحيم

സർവ്വസ്തുതിയും അല്ലാഹുവിന്ന് അവൻെറ ദൂതരിൽ അന്തിമരായ മുഹമ്മദ് നബി(ﷺ)യിലും കുടുംബത്തിലും അവരെ അനുഗമിക്കുന്ന മുഴുവൻ ദാസന്മാരിലും അല്ലാഹുവിൻെറ കരുണാ കടാക്ഷങ്ങൾ എന്നെന്നും വർഷിക്കുമാറാകട്ടെ. (ആമീൻ)

ഹിജ്റ വർഷത്തിലെ ഒന്നാമത്തെ മാസമായ മുഹർറം മാസവുമായി ബന്ധപ്പെട്ട് ഒരുപാട് അബദ്ധ ധാരണകൾ ഇന്ന് സാധാരണക്കാർക്ക് ഇടയിൽ നിലനിൽക്കുന്നു, എന്നത് ഒരു ദു:ഖസത്യമാണ്. എന്നാൽ മതപ്രമാണങ്ങളായ ഖുർആനും ഹദീസും പരിശോധിക്കുമ്പോൾ മുഹർറം അനുഗ്രഹീതവും, പുണ്യം നിറഞ്ഞതുമായ മാസമായിട്ടാണ് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നത് ശ്രദ്ധിക്കുക:

اِنَّ عِدَّةَ الشُّهُورِ عِنْدَ اللهِ اثْنَا عَشَرَ شَهْرًا فِي كِتَابِ اللهِ يَوْمَ خَلَقَ السَّماَوَاتِ وَالأَرْضِ مِنْهاَ أَرْبَعَةٌ حُرُمٌ ذَلِكَ الدِّينُ القَيِّمُ فَلاَ تَظْلِموُا فِيهِنَّ أَنْفُسَكُمْ (التوبة 36)

‘‘തീർച്ചയായും ആകാശഭൂമികളുടെ സൃഷ്ടിപ്പു ദിവസം രേഖപ്പെടുത്തിയത് അനുസരിച്ച് മാസങ്ങളുടെ എണ്ണം അല്ലാഹുവിങ്കൽ പന്ത്രണ്ടു മാസങ്ങളാകുന്നു. അവയിൽ നാലെണ്ണം (യുദ്ധം വിലക്കപ്പെട്ട) പവിത്ര മാസങ്ങളാകുന്നു. അതാണ് നേരായ മതം. അതിനാൽ പ്രസ്തുത മാസങ്ങളിൽ നിങ്ങൾ നിങ്ങളോടു തന്നെ അക്രമം പ്രവർത്തിക്കരുത്’’ (സൂറ: തൗബ: 36).

അപ്രകാരം തന്നെ ഹദീസിലും കാണാവുന്നതാണ്. അബൂബക്കർ(ﷺ) പറയുന്നു, നബി(ﷺ) പറഞ്ഞു: ‘‘വർഷത്തിൽ പന്ത്രണ്ടുമാസങ്ങളാണ് അതിൽ നാലു മാസങ്ങൾ പവിത്ര മാസങ്ങളാണ്, ദുൽഖഅദ്, ദുൽഹജ്ജ്, മുഹർറം എന്നീ തുടർച്ചയായി വരുന്ന മൂന്ന് മാസങ്ങളും മറ്റൊരെണ്ണം ജമാദുൽആഖിറിനും ശഅ്ബാനിനുമിടക്ക് വരുന്ന റജബ് മാസവുമാകുന്നു’’. (ഹദീസ് ബുഖാരി).

മുഹർറം മാസത്തെ ഇമാം മുസ്‌ലിം(ﷺ) റിപ്പോർട്ടു ചെയ്ത ഹദീസിൽ ശഹ്റുല്ലാഹി (അല്ലാഹുവിൻെറ മാസം) എന്നാണ് നബി(ﷺ) വിശേഷിപ്പിച്ചിരിക്കുന്നത് എന്നതും പ്രസ്തുത മാസത്തിന് മററു മാസങ്ങളുടെ കൂട്ടത്തിലുള്ള ശ്രേഷ്ഠതയാണ് വ്യക്തമാക്കിത്തരുന്നത്!.

മേൽ വചനങ്ങളിൽ നിന്നെല്ലാം മുഹർറ മാസം ആദരിക്കപ്പെടേ മാസമാണ് എന്ന് നിസ്സംശയം മനസ്സിലാക്കാവുന്നതാണ്. അതോടൊപ്പം അല്ലാഹുവിൻെറ ചിഹ്നങ്ങളേയും അല്ലാഹു ആദരിക്കാൻ പറഞ്ഞ മാസങ്ങളേയും നിങ്ങളൊരിക്കലും അനാദരിക്കരുതെന്ന് അല്ലാഹു ഓർമ്മപ്പെടുത്തുന്നതും കാണുക:

يَا أَيُّها الَّذِينَ آمَنواَ لاَ تُحِلُّوا شَعاَئِرَ اللهِ ولا الشَهْرَ الْحَرَامَ (المائدة 2).

''സത്യവിശ്വാസികളേ അല്ലാഹുവിൻെറ ചിഹ്നങ്ങളെ നിങ്ങൾ അനാദരിക്കരുത്. പവിത്രമായ മാസങ്ങളേയും'' (മാഇദ: 2).

## മുഹർറം നഹ്സിൻെറ മാസമോ !?

ഖുർആനും ഹദീസും പുണ്യമാസമെന്നും അല്ലാഹുവിൻെറ മാസമെന്നും വിശേഷിപ്പിക്കുകയും, അനാദരിക്കരുതെന്ന് ഓർമ്മപ്പെടുത്തുകയും ചെയ്തിട്ടും; ദൗർഭാഗ്യകരമെന്നു പറയട്ടെ നമ്മുടെ സമുദായത്തിലെ ഭൂരിഭാഗം ജനങ്ങളും മുഹർറം മാസം പിറക്കുന്നത് തന്നെ നഹ്സ് (അശുഭ)മായിട്ടാണ് കാണുന്നത്.!? അക്കാരണത്താൽ തന്നെ എന്തെങ്കിലും നല്ല കാര്യങ്ങൾ (പുതിയ വീട്ടിൽ താമസിക്കുകയോ, പുരപ്പണി ആരംഭിക്കുകയോ ചെയ്യുക, ബിസിനസ്സ് ആരംഭിക്കുക, വിവാഹവുമായി ബന്ധപ്പെട്ട കാര്യങ്ങൾ അന്വേഷിക്കുകയോ ചർച്ച ചെയ്യുകയോ ചെയ്യുക എന്നിവയൊന്നും) ഈ മാസത്തിൽ നിർവ്വഹിക്കാതെ മാററിവെക്കുന്നത് കാണാം.!? യഥാർത്ഥത്തിൽ ഇസ്‌ലാമുമായി അത്തരം വിശ്വാസാചാരങ്ങൾക്ക് ബന്ധമൊന്നുമില്ല.

ഇസ്‌ലാമിൽ നിന്നും വ്യതിചലിച്ചു പോയ ശിയാക്കളുടെ വിശ്വാസത്തിൽ നിന്നും കടമെടുത്തവയാണ് അത്തരംവിശ്വാസങ്ങൾ എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. നബി(ﷺ)യുടെ പൗത്രൻ ഹു

സൈൻ(ﷺ) കർബലായിൽവെച്ച് അതി ദാരുണമായി കൊല ചെയ്യ
പ്പെട്ടതിൻെറ ദു:ഖ സൂചകമായി ശിയാക്കൾ പ്രസ്തുതമാസം നഹ്സി
ൻെറ മാസമായി കാണുകയും ഹുസൈൻ(ﷺ)ൻെറ പ്രീതിക്കായി സ്വ
ന്തം ശരീരത്തെ പീഢിപ്പിക്കുകയും പ്രസ്തുതമാസത്തിൽ ദു:ഖമാച
രിക്കുകയും മററും ചെയ്യാറുള്ളത് കുപ്രസിദ്ധമാണ്. എന്നാൽ അതാ
കട്ടെ വിശ്വാസികൾക്ക് അനുകരിക്കാൻ പാടില്ലാത്തതുമാണ്.

## നഹ്സ് നോക്കൽ ജൂതായിസം:

നഹ്സ് വിശ്വാസവുമായി, ജീവിക്കൽ മുസ്ലിമിന്നു പാടുള്ള
തല്ല. സത്യവിശ്വാസി അവൻെറ ജീവിതം സദാസമയവും അല്ലാഹുവി
ൽ ഭരമേൽപ്പിച്ച് ജീവിക്കാൻ കടപ്പെട്ടവരാണ്. അവനെ സംബന്ധിച്ചി
ടത്തോളം ഏതെങ്കിലും മാസത്തേയോ ദിവസത്തേയോ ദുഷിച്ചു പറ
യുക എന്നത് പോലും പാടില്ലാത്തതാണ്. അതു പോലെ തന്നെ ചില
യാളുകൾ, നശിച്ച കാലം, ലക്ഷണം കെട്ട നേരം എന്നിങ്ങനെ അന
ങ്ങിയാൽ കാലത്തെ ദുഷിച്ചു പറയുന്നതും ശരിയല്ല. അത് അല്ലാഹു
വിലേക്കാണ് ചെന്നെത്തുക. അല്ലാഹു പറയുന്നതായി നമുക്ക് ഇപ്ര
കാരം ഹദീസുകളിൽ കാണാവുന്നതാണ് ‘‘നിങ്ങൾ കാലത്തെ ചീത്ത
പറയരുത് (അല്ലാഹുവാകുന്ന) ഞാനാകുന്നു കാലം.’’ (ബുഖാരി).
തന്നെയുമല്ല സുബ്ഹി നമസ്കാരം ജമാഅത്തായി നമസ്കരിക്കുന്ന
വൻ അല്ലാഹുവിൻെറ കാവലിലാണ് എന്ന് നബി(ﷺ) പഠിപ്പിച്ചു തരി
കയും ചെയ്തിരിക്കുന്നു. നഹ്സിൽ വിശ്വസിക്കുന്നത് സംബന്ധിച്ച്
ശാഫിഈ പണ്ഡിതനായ ഇബ്നുഹജറുൽ ഹൈതമി(ﷺ) പറയുന്ന
ത് കാണുക: ‘‘നഹ്സ് നോക്കൽ ജൂതന്മാരുടെ നടപടിയിൽ പെട്ടതാ
ണ്. സ്രഷ്ടാവും രക്ഷിതാവുമായ അല്ലാഹുവിൽ ഭരമേൽപ്പിക്കുന്ന
മുസ്ലിംകളുടെ മാർഗ്ഗത്തിൽ പെട്ടതല്ല’’ (ഫതാവൽ ഹദീസിയ്യ പേജ്
23).

## ജാഹിലിയ്യത്ത് വീണ്ടും !

ജാഹിലിയ്യാകാലത്ത് പതിവുണ്ടായിരുന്നതും, കുഫ്റാണ് എ
ന്ന് ഖുർആൻ വ്യക്തമാക്കിയതുമായ ഒരു ദുരാചാരമാണ് നസീഅ്.
അല്ലാഹു പറയുന്നു:

إِنَّمَا النَّسِيءُ زِيَادَةٌ فِي الْكُفْرِ (التوبة 37)

വിലക്കപ്പെട്ടമാസം പുറകോട്ട് മാറ്റുക എന്നത് സത്യനിഷേധത്തിന്റെ വർദ്ധനവ് തന്നെയാകുന്നു. (തൗബ - 37)

കലഹപ്രിയരായിരുന്ന ജാഹിലിയ്യാ കാഫിറുകൾ മൂന്ന് മാസം തുടർച്ചയായി യുദ്ധത്തിൽ നിന്നും വിട്ടു നിൽക്കാൻ കഴിയാതെ വരുമ്പോൾ, പകരം മറേറതെങ്കിലുമൊരു മാസത്തെ പവിത്ര മാസമായി നിശ്ചയിച്ച്, അല്ലാഹു ആദരിക്കാൻ പറഞ്ഞ മാസത്തെ അനാദരിക്കുമായിരുന്നു. ഇതാണ് മേൽസൂചിപ്പിച്ച നസീഅ് കൊണ്ടുദ്ദേശിക്കുന്നത്. ഏകദേശം അതേ നസീഇനു തുല്യമായ ആചാരമാണ് ഇക്കാലത്തെ പുരോഹിത വർഗ്ഗവും, അറിവില്ലാത്ത സാധാരണക്കാരെക്കൊണ്ട് ചെയ്യിപ്പിക്കുന്നത്. മുഹർറമാസത്തെ നഹ്സായി, ഒന്നിനും കൊള്ളാത്ത മാസമായി പഠിപ്പിക്കുകയും അതിനു പകരമെന്നോണം ഖുർആനോ സുന്നത്തോ യാതൊരു പ്രത്യേകതയും കൽപ്പിച്ചിട്ടില്ലാത്ത റബീഉൽ അവ്വലിനെ പുണ്യ മാസമായി ആദരിക്കുകയും ചെയ്യുന്നു.! എന്തൊരു വിരോധാഭാസം! പഴയ ജാഹിലിയ്യത്ത് തന്നെ!.

അല്ലാഹുവിൻെറ പ്രഖ്യാപനം എത്ര വ്യക്തമായി പുലരുന്നു.!? "സത്യവിശ്വാസികളേ പണ്ഡിതന്മാരിലും പുരോഹിതന്മാരിലും പെട്ട ധാരാളം പേർ ജനങ്ങളുടെ ധനം അന്യായമായി തിന്നുകയും അല്ലാഹുവിൻെറ മാർഗ്ഗത്തിൽ നിന്ന് (അവരെ) തടയുകയും ചെയ്യുന്നു " (തൗബ: 34).

അല്ലാഹു, ഖുർആനും സുന്നത്തുമാകുന്ന പ്രമാണങ്ങളുടെ പിൻബലമില്ലാത്ത, എല്ലാ വിധ അന്ധവിശ്വാസങ്ങളിൽ നിന്നും നമ്മെയെല്ലാം കാത്തുരക്ഷിക്കട്ടെ (ആമീൻ).

## ആശൂറാഅ് (മുഹർറം 10) നോമ്പ്

നബി(ﷺ) പറഞ്ഞു: ''റമദ്വാനിനു ശേഷം ഏററവും ശ്രേഷ്ഠമായ നോമ്പ് അല്ലാഹുവിൻെറ മാസമായ മുഹർറം മാസത്തിലെ നോമ്പാകുന്നു.'' (മുസ്ലിം).

‘‘ഖുറൈശികൾ ജാഹിലിയ്യാ കാലത്ത് മുഹർറം പത്തിനു നോമ്പനുഷ്ഠിക്കാറുണ്ടായിരുന്നു. റമദ്വാനിൽ നോമ്പ് നിർബന്ധമാക്കപ്പെടുന്നത് വരെ നബി(ﷺ)യും പ്രസ്തുത നോമ്പെടുക്കുകയും സ്വഹാബികളോട് നോമ്പ് നോൽക്കാൻ കൽപ്പിക്കുകയും ചെയ്തു.’’ (ബുഖാരി)

‘‘മദീനയിൽ ജൂതന്മാർ ആശൂറാനോമ്പ് അനുഷ്ഠിക്കുന്നത് നബി(ﷺ) കണ്ടപ്പോൾ അവിടുന്ന് ചോദിച്ചു; ഇതെന്താണ്? അവർ പറഞ്ഞു ഇതൊരു പുണ്യദിനമാണ്. മൂസാ നബി(عليه السلام)യേയും ഇസ്രായീല്യരേയും അല്ലാഹു ശത്രുക്കളിൽനിന്നു രക്ഷിച്ച ദിവസമാണിന്ന്; അതിനാൽ മൂസാ നബി(عليه السلام) ആ ദിവസം നോമ്പെടുത്തിരുന്നു. അപ്പോൾ നബി(ﷺ) പറഞ്ഞു: മൂസ(عليه السلام) യോട് നിങ്ങളേക്കാൾ കടപ്പെട്ടവൻ ഞാനാണ്. തുടർന്ന് അവിടുന്ന് ആദിവസത്തിൽ നോമ്പെടുക്കുകയും അനുചരന്മാരോട് നോമ്പ് നോൽക്കാൻ കൽപ്പിക്കുയും ചെയ്തു’’. (ബുഖാരി).

## മുഹർറം ഒമ്പതിനും: (താസൂആഅ്)

‘‘നബി(ﷺ) ആശൂറാഅ് ദിവസം നോമ്പ് അനുഷ്ഠിക്കാൻ കൽപ്പിച്ചപ്പോൾ സ്വഹാബികൾ ചോദിച്ചു: പ്രവാചകരേ, ജൂതന്മാരും ക്രിസ്ത്യാനികളും ആദരിക്കുന്ന ദിവസമാണല്ലോ അത്. അപ്പോൾ പ്രവാചകൻ(ﷺ) പറഞ്ഞു: ഇൻശാഅല്ലാഹ് അടുത്ത വർഷം നാം ഒമ്പതിന് നോമ്പനുഷ്ഠിക്കുന്നതാണ്. പക്ഷേ, അടുത്ത വർഷം വരുന്നതിനു മുമ്പായി നബി(ﷺ) മരണപ്പെടുകയുായി.’’ (മുസ്ലിം).

ഇമാം ബൈഹഖി(رحمه الله) യുടെ ഹദീസിൽ ‘‘നിങ്ങൾ ഒമ്പതിനും പത്തിനും നോമ്പു നോററ് ജൂതന്മാരോട് എതിരാവുക.’’ (ബൈഹഖി 4/287) എന്നും കാണാവുന്നതാണ്.

അതിനാൽ മുഹർറം ഒമ്പതിനും പത്തിനും നാം നോമ്പ് അനുഷ്ഠിക്കലാണ് കൂടുതൽ ഉത്തമം എന്ന് മനസ്സിലാക്കാം.

## പാപങ്ങൾ പൊറുക്കപ്പെടുന്നു:

ആശൂറാഅ് ദിവസത്തിലെ നോമ്പിൻെറ മഹത്വത്തെ സംബന്ധിച്ച് നബി(ﷺ)യോട് ചോദിച്ചപ്പോൾ അവിടുന്നു ഇങ്ങനെ പറഞ്ഞു: ‘‘കഴിഞ്ഞു പോയ ഒരു വർഷത്തെ പാപങ്ങൾ അതുമൂലം പൊറുക്കപ്പെടുന്നതാണ്.’’ (മുസ്‌ലിം).

അതുകൊണ്ട് നമ്മുടെ ജീവിതത്തിൽ കഴിഞ്ഞു പോയ ഒരു വർഷത്തിൽ സംഭവിച്ച പാപങ്ങൾ പൊറുപ്പിക്കാൻ കൈവന്ന ഈ സുവർണ്ണാവസരം നാം ഉപയോഗപ്പെടുത്തുക. അല്ലാഹുവിൻെറ അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കുക.

## തൗഹീദിൻെറ വിജയദിനം

മുഹർറമാസം, വിശേഷിച്ചും മുഹർറം പത്ത് വിശ്വാസികൾക്ക് സന്തോഷിക്കാനുള്ള ദിവസമാണ്. മൂസാ നബി(ﷺ)യേയും അനുയായികളേയും ഫിർഔനിൻെറ മർദ്ദനത്തിൽ നിന്നും അല്ലാഹു രക്ഷപ്പെടുത്തിയ ദിനമാണ്. അതുകൊണ്ട് പ്രസ്തുത ദിവസം നോമ്പു നോററുകൊണ്ട് നാം നമ്മുടെ സന്തോഷം രേഖപ്പെടുത്താൻ തയ്യാറെടുക്കുക, കാരണം അത് തൗഹീദിൻെറ വിജയദിനമാണ്. അതോടൊപ്പം ധിക്കാരിയായിരുന്ന ഫിർഔനിൻെറ പതനത്തെക്കുറിച്ച് ചിന്തിച്ച് നമ്മുടെ വിശ്വാസം വർദ്ധിപ്പിക്കുവാനും നാം അവസരമുണ്ടാക്കുക. അല്ലാഹു പറയുന്നു: ‘‘എന്നാൽ നിൻെറ പുറകെ വരുന്നവർക്ക് നീ ഒരു ദൃഷ്ടാന്തമായിരിക്കുന്നതിനു വേണ്ടി നിൻെറ ശരീരത്തെ നാം ഇന്നു രക്ഷപ്പെടുത്തിയെടുക്കുന്നതാണ്. (പക്ഷേ) മനുഷ്യരിൽ ധാരാളം പേർ നമ്മുടെ ദൃഷ്ടാന്തങ്ങളെ പററി അശ്രദ്ധരാണ്’’ (യൂനുസ് :92)

## നാമും ഹിജ്റക്കായി ഒരുങ്ങുക:

നാം ഒരു പുതിയ ഹിജ്റ വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണല്ലോ. ഈ സന്ദർഭത്തിൽ, പതിനാല് നൂററാണ്ടുകൾക്ക് മുമ്പ്

നമ്മുടെ മുൻഗാമികൾ പ്രത്യേകിച്ചും പ്രവാചകൻ മുഹമ്മദ്(ﷺ)യും അനുയായികളും (മുഹാജിറുകളും അൻസ്വാറുകളും) ഹിജ്റയുടെ പേരിൽ മതരംഗത്ത് അനുഭവിക്കേതായി വന്ന ത്യാഗത്തിൻെറ കയ്പ്പേറിയ കഥകൾ അനുസ്മരിക്കുകയും അതോടൊപ്പം മുഹാജിറുകളെ പോലെ പരലോകമാഗ്രഹിച്ച് ത്യാഗമനുഷ്ഠിക്കാനും അൻസാറുകളെ പോലെ മതത്തെ സഹായിക്കാനും നാം പ്രതിജ്ഞയെടുക്കുക! അല്ലാഹു പറയുന്ന വിജയം നേടിയെടുക്കുക:

"മുഹാജിറുകളിൽ നിന്നും അൻസ്വാറുകളിൽ നിന്നും ആദ്യമായി മുന്നോട്ട് കടന്നുവന്നവരും, സുകൃതം ചെയ്തുകൊണ്ട് അവരെ പിന്തുടർന്നവരുമാരോ അവരെപ്പററി അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവനെപ്പററി അവരും സംതൃപ്തരായിരിക്കുന്നു. താഴ്ഭാഗത്ത് അരുവികൾ ഒഴുകിക്കൊിരിക്കുന്ന സ്വർഗ്ഗത്തോപ്പുകൾ അവർക്ക് അവൻ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. അവരതിൽ നിത്യവാസികളായിരിക്കും അതത്രെ മഹത്തായ ഭാഗ്യം" (സൂറത്ത് തൗബ: 100)

## നാം ഖബറിലേക്ക് അടുക്കുന്നു !

സഹോദരങ്ങളേ നാം ഒരുപുതിയ വർഷത്തെ വരവേൽക്കുന്നു. എന്നാൽ, അതോടൊപ്പം അല്ലാഹു നമുക്ക് നിശ്ചയിച്ച ആയുസ്സ് ചുരുങ്ങിക്കൊിരിക്കുന്നു, ഓരോ വർഷം പിന്നിടുമ്പോഴും നമ്മുടെ, ഖബറിലേക്കുള്ള ദൂരം കുറയുകയും നാം മരണത്തിലേക്ക് അടുത്തുകൊണ്ടിരിക്കുകയും ചെയ്യുകയാണ് എന്നത് മറക്കാതിരിക്കുക.

പ്രവാചകൻ(ﷺ)യുടെ മാർഗ്ഗം പിൻപററി ജീവിക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ (ആമീൻ).

وصلى الله وسلم على نبينا محمد وعلى آله وصحبه أجمعين آمين

****************